പള്ളം യൂണിറ്റിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളുടെ വില കണക്കാക്കാൻ നിർമ്മാണത്തിനുപയോഗിച്ച സാധനത്തിന്റെ വില, ജോലികൂലി, ഓവർഹെഡ് ചാർജ്, ഗാൽവനൈസ് ചെയ്യാനുള്ള ചെലവ്, ട്രാൻസ്പോർട്ടിംഗ്, കയറ്റിറക്കു കൂലി എക്സൈസ് ഡ്യൂട്ടി എന്നിവയാണ് കണക്കിലെടുത്തിട്ടുള്ളത്. കോസ്റ്റിംഗിലെ മറ്റിനങ്ങളായ ഡിപ്രീസിയേഷൻ, മുതൽമുടക്കിൻമേലുള്ള പലിശ, മാനേജീരിയർ കോസ്റ്റ് എന്നിവ പള്ളം യൂണിറ്റിലെ കോസ്റ്റിംഗിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) 3-12-1999-ൽ അറിയിച്ചിരുന്നു. 24-12-1999-ൽ സാധനങ്ങൾ ലിഫ്റ്റ് ചെയ്യുവാൻ ഡിസ്ട്രീബ്യൂഷൻ ചീഫ് എഞ്ചിനീയർമാരെ അറിയിച്ചു. 2-2-2000-ൽ അൺ ലിഫ്റ്റഡ് ആയി കിടന്നിരുന്ന സാധനങ്ങൾ നോർത്ത് ഡിസ്ട്രിബ്യൂഷൻ ചീഫ് എഞ്ചിനീയർമാർക്ക് റീ-അലോക്കേഷൻ കൊടുത്തു.

(ഡി) ബോർഡിനുവേണ്ട ഉപകരണങ്ങൾ പൂർണ്ണമായും പള്ളത്തെ യൂണിറ്റിൽ ഉൽപ്പാദിപ്പിക്കുവാൻ ഇപ്പോഴത്തെ പരിതസ്ഥിതിയിൽ സാദ്ധ്യമല്ല.

(ഇ&എഫ്) പ്രസ്തുത നിർദ്ദേശം ബോർഡിന് ലഭിച്ചിട്ടുണ്ട്. നിർദ്ദേശം പരിശോധിച്ചുവരുന്നു.

കെ.എസ്.ഇ.ബി. യുടെ ലാഭനഷ്ടം

78(981) ശ്രീ. എം. കെ. മുനീർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ലാഭത്തിലാണെങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തെ ലാഭം എത്ര ;

(സി) നഷ്ടത്തിലാണെങ്കിൽ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നഷ്ടം കുറച്ചുകൊണ്ടുവരാൻ എന്തെങ്കിലും നടപടികൾ ആവിഷ്ക്കരിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 1997-98, 1998-99 എന്നീ വർഷങ്ങളിലെ ബോർഡിന്റെ കണക്കനുസരിച്ച് ബോർഡ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

വർഷം		ലാഭം
1997-98	-	24.62 കോടി രൂപ
1998-99	-	38.75 കോടി രൂപ

(താല്കാലിക കണക്ക്)

LIBRARY ARCHIVES Kerala Legislative Assembly

(സി,ഡി&ഇ) ഏതെങ്കിലും വർഷത്തിൽ ബോർഡിന്റെ ആസ്തിയുടെ 3 ശതമാനം മിച്ചം ആർജ്ജിക്കുവാൻ കഴിയാതെ വന്നാൽ, ആ വർഷം ആ മിച്ചം എത്തിക്കുവാൻ എന്ത് തുകയുടെ കുറവുണ്ടോ, അത്രയും തുകയുടെ ധനസഹായം (സബ്സിഡി) ബോർഡിന് സർക്കാർ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. സർക്കാരിന്റെ അത്തരത്തിലുള്ള ധനസഹായം കൂടി കണക്കാക്കിക്കൊണ്ടാണ് മേൽ സൂചിപ്പിച്ച വർഷങ്ങളിൽ ബോർഡ് ലാഭം കണക്കാക്കിയിരിക്കുന്നത്. 1997-98-ൽ 321.31 കോടി രൂപയും 1998-99-ൽ 301.71 കോടി രൂപയും സർക്കാരിൽ നിന്നും സബ്സിഡിയായി ലഭിക്കുമെന്നും കണക്കാക്കിയാണ് ബോർഡ് ലാഭം കാണിച്ചിരിക്കുന്നത്.

വൈദ്യുതി സ്ലാബ് സിസ്റ്റത്തിൽ മാറ്റം വരുത്താൻ നടപടി

79(982) ശ്രീ. ബാബു ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹികാവശ്യങ്ങൾക്ക് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സ്ലാബ് സിസ്റ്റത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഉപയോഗിക്കാത്ത കറണ്ടിന് അധികം വാങ്ങിയ തുക ഉപഭോക്താക്കൾക്ക് തിരിച്ച് കൊടുക്കാറുണ്ടോ ; ഇല്ലെങ്കിൽ അധികം ഈടാക്കിയ തുക തിരിച്ച് നൽകുമോ ;

(സി) വൈദ്യുതി ഉപയോഗം യഥാകാലം പരിശോധിച്ച് ഉപയോഗിക്കുന്ന കറണ്ടിന് മാത്രം ചാർജ് ഈടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്ലാബ് സിസ്റ്റം 1-2-1997 മുതൽ നിർത്തലാക്കിയിട്ടുണ്ട്.

(ബി) പണമായി തിരിച്ച് നൽകാറില്ല. ഉപഭോക്താക്കൾ അടച്ച തുക, മീറ്റർ റീഡിംഗ് എടുത്ത് യഥാർത്ഥ ഉപഭോഗം കണക്കാക്കുമ്പോൾ കൂടുതലാണെന്ന് കണ്ടാൽ വരും മാസങ്ങളിലെ ബില്ലുകളിൽ നിന്നും തുല്യഗഡുക്കളായി ഇളവ് ചെയ്ത് കൊടുക്കാറുണ്ട്.

(സി) പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് സമ്പ്രദായം നടപ്പാക്കിയിട്ടുള്ള സ്ഥലങ്ങളിൽ ആറ് മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ് എടുക്കാനും, യഥാർത്ഥ ഉപഭോഗം കണക്കാക്കി, അടച്ച വൈദ്യുതി ചാർജ്ജ് കുറവാണെങ്കിൽ അധികയൂണിറ്റിനുള്ള ബില്ല് നൽകുവാനും, അടച്ച തുക കൂടുതലാണെങ്കിൽ അധിക തുക വരും മാസങ്ങളിലെ ബില്ലുകളിൽ കിഴിവ് ചെയ്ത് കൊടുക്കാനും വ്യവസ്ഥയുണ്ട്. സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഘട്ടംഘട്ടമായി കൂടുതൽ സെക്ഷനുകളിൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് നടപ്പാക്കി കഴിയുമ്പോൾ ഉപയോഗിച്ച വൈദ്യുതിക്കുള്ള കൃത്യമായ ബില്ലുകളാണ് ഉപഭോക്താക്കൾക്ക് നൽകുക.

LIBRARY ARCHIVES Kerala Legislative Assembly